# അക്കാദമിക  മാസ്റ്റർ പ്ലാൻ  2025-26

# ഡയറ്റ് ലാബ് സ്കൂൾ പാലയാട്

# മോഡൽ പ്രീപ്രൈമറി

## ആമുഖം

ആദ്യകാലബാല്യത്തിൻെറ ആറ് വർഷകാലം കുഞ്ഞുങ്ങൾക്ക് വളരെയധികം പ്രധാനപ്പെട്ടതാണ്. കുഞ്ഞുങ്ങളുടെ ശാരീരിക-മാനസിക വളർച്ചയെ പോഷിപ്പിച്ചുകൊണ്ടും കുഞ്ഞുങ്ങളുടെ പ്രായം, പ്രകൃതം, അവകാശങ്ങൾ എന്നിവ പരിഗണിച്ചു കൊണ്ടുമുള്ള സംവിധാനങ്ങളാണ് പ്രീ സ്കൂളിൽ വിഭാവനം ചെയ്യേണ്ടത്. പ്രീസ് കൂൾ പാഠ്യപദ്ധതിയുടെ ഉള്ളടക്കം, ഉദ്ദേശങ്ങൾ, ലക്ഷ്യങ്ങൾ, കുഞ്ഞുങ്ങളെ കുറിച്ചുള്ള മനശാസ്ത്രപരമായ ധാരണ എന്നിവയുള്ള ഒരാൾക്ക് മാത്രമേ കുഞ്ഞുങ്ങളുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കൂ, ശൈശവത്തെ സവിശേഷമായൊരു ജീവിതാവസ്ഥയായാണ് നോക്കിക്കാണേണ്ടത്. ദ്രുതഗതിയുള്ള മസ്തിഷ്ക വികാസവും ശാരീരിക വളർച്ചയും നടക്കുന്ന കാലമാണിത്. ഈ കാലഘട്ടത്തിലെ ശിശുപരിചരണവും പരിരക്ഷയും വിദ്യാഭ്യാസവും ഏറെ ഗൗരവത്തോടെ നടപ്പിലാക്കണം. സർഗാത്മകവും ചടുലവും പരസ്പര ബന്ധിതവും ജീവിതഗന്ധിയുമായ ഒരുപ്രവർത്തന പരിപാടിയാണ് നമ്മുക്കാവശ്യം മാറി വരുന്ന സമൂഹത്തിൻെറ ആവശ്യങ്ങളുമായും കുട്ടികളുടെ വികാസവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഈ അധ്യയനവർഷം നടപ്പിലാക്കുന്നത്. അതിനുവേണ്ടി തയ്യാറാക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.

| മാസം | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | സാമ്പത്തികം |
|---|---|---|---|
| ജൂൺ | അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | മാറിമാറിവരുന്ന സമൂഹത്തിൻെറ ആവശ്യങ്ങളുമായും കുട്ടികളുടെ വികാസവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തയ്യാറാക്കൽ | |
| | ക്ലാസ് PTA | കളിത്തോണി, കളിപ്പാട്ടം രക്ഷിതാവിനെ ബോധ്യപ്പെടുത്തൽ | |
| | സ്വതന്ത്രകളികൾ, സാതന്ത്രസംഭാക്ഷണം ,കളിപ്പാട്ടങ്ങൾ അടുക്കും ചിട്ടയുമായി ക്രമീകരിക്കൽ, | കുട്ടികൾക്ക് കൂട്ടുകാരുമായി സംസാരിക്കാനും, കൂട്ടുകൂടിയ കളികളിൽ ഏർപ്പെടാനും ഉള്ള അവസരം ഒരുക്കുന്നു. | |
| | പരിസ്ഥിതി ദിനം | സ്കൂളിന് ചുറ്റുപാടും വൃക്ഷതൈകൾ നടാനും പൂന്തോട്ടം നിർമിക്കാനും പ്രകൃതി സംരക്ഷണം എങ്ങനെയെന്ന് ബോധ്യപ്പെടുത്താനും | |
| | വായനാദിനം | ചിത്രവായനാ പരിപോഷിപ്പിക്കാൻ സാധിക്കുന്നു | |

| | | | |
|---|---|---|---|
| ജൂലൈ | • ആംഗ്യപ്പാട്ട് കേൾക്കൽ, പാടൽ<br>• കഥാഗാനം കേൾപ്പിക്കൽ<br>• പസിൽസ് -കതാചിത്രങ്ങൾ<br>• ചിത്രരചനാ<br>• അഭിനയം, ചമഞ്ഞുകളിൽ<br>• പ്രകൃതി നടത്തം<br>• സ്വതന്ത്ര വര<br>• വരച്ചതിനെ കുറിച്ച് സംസാരിക്കാൽ<br>• കുട്ടിക്കഥകൾ, കവിതകൾ കേൾക്കാൻ അവസരം ഒരുക്കൽ<br>• അമ്മ വായനാ - വായിച്ച കേട്ട കഥ പറയാൻ അവസരം നൽകുന്നു<br>• കഥോൽസവം<br>• ഗൃഹസന്ദർശനം | • പാട്ടുകൾ ശ്രദ്ധയോടെ കേൾക്കാനും ആസ്വദിക്കാനും താളാത്മകമായി പാടാനും കുട്ടിളെ പ്രോത്സാഹിക്കുന്നു<br>• കണ്ടും കേട്ടും മനസ്സിലാക്കിയ കഥകൾ, സംഭവങ്ങൾ എന്നിവ ആശയച്ചോർ ച്ചയില്ലാതെ പറയാൻപ്രോത്സാഹിപ്പിക്കുന്നു<br>• സ്വതന്ത്രമായി ചിത്രങ്ങൾ വരക്കാനും വരച്ചതിനെ കുറിച്ച് പറയാനും കുഞ്ഞുങ്ങൾ ക്കു കഴിയുന്നു<br>• രക്ഷിതാക്കളെയും പ്രവർത്തനത്തിൽ ഉൾ പ്പെടുത്തി കൂടുതൽ കാര്യങ്ങൾ കുഞ്ഞുങ്ങൾ ക്കു ലഭിക്കാൻ ഇതിലൂടെ സാധിക്കുന്നു<br>• ക്ലാസ്സിൽ നിന്നും വീട്ടിൽ നിന്നും കേട്ട കഥകൾ വിവിധ ചിത്രങ്ങൾ നോക്കി മനസ്സിലാക്കിയ കഥകൾ എന്നിവ പൊതുസദസ്സിൽ അവതരിപ്പിക്കാൻ കഴിയുന്നു<br>• രക്ഷിതാക്കളുടെ പങ്കാളിത്തവും കുട്ടികളുടെ മാനസ്സിക ആരോഗ്യവും ഗൃഹാന്തരീക്ഷവും എങ്ങനെയെന്ന് മനസ്സിലാക്കുന്നതിനു വേണ്ടി | |

| | | | |
|---|---|---|---|
| ആഗസ്റ്റ് | • ക്ലാസ് PTA<br><br>• വരയ്ക്കാം പറയാം നിറം നൽകൽ കൈപത്തി ചിത്രങ്ങൾ തയ്യാറാക്കൽ, ക്ലാസ് മുറി അലങ്കരിക്കൽ<br><br>• സ്വാതന്ത്ര്യദിനാഘോഷം<br><br>• രുചിക്കൂട്ട്<br><br>• ഓണാഘോഷം | കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി<br><br>സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാനും വരച്ച ചിത്രങ്ങളെ കുറിച്ച് കൂടുതൽ കാര്യങ്ങൾ സ്വതന്ത്രമായി പറയാനും കുഞ്ഞുങ്ങൾക്ക് കഴിയുന്നു.<br><br>ആഘോഷപരിപാടികളിൽ ക്ലാസ് റൂമും പരിസരവും കൂട്ടുചേർന്ന് അലങ്കരിക്കൽ<br><br>വിവിധ ഭക്ഷണ സാധനങ്ങൾ തയ്യാറാക്കി വീട്ടിൽ നിന്നും കൊണ്ടുവരുന്നതിനും ഒരുമിച്ച് പങ്കിട്ട് കഴിക്കുന്നതിൻെറ പ്രാധാന്യം മനസിലാക്കുന്നതിനും<br><br>ഓണത്തിന്റെ പ്രത്യേകത കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ഐതീഹ്യവുമായി ബന്ധപ്പെട്ട് ചമഞ്ഞുകളിനടത്തുന്നതിനും കുട്ടികൾ കൊണ്ടുവരുന്ന പലതരം പൂക്കൾ ഉപയോഗിച്ച് രക്ഷിതാക്കളും കുട്ടികളും എല്ലാം ചേർന്ന് പൂക്കളം ഒരുക്കി ,ഓണസദ്യ കഴിക്കുന്നതും ലക്ഷ്യമിടുന്നു | |

| | | | |
|---|---|---|---|
| സെപ്തംബർ | കലാമേള<br><br><br><br>കൂട്ടങ്ങളാക്കൽ ഒരേ എണ്ണം വരുന്നവ തരംതിരിക്കൽ വലിയ കൂട്ടം ചെറിയ കൂട്ടം കണ്ടെത്തൽ ലഘു പരീക്ഷണങ്ങൾ പ്രകൃതി നടത്തം<br><br>നിർമ്മാണ കളരി | കുട്ടി നേടിയ അനുഭവങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ പൊതു സദസ്സിൽ അവതരിപ്പിക്കാനുതകും വിധം അവരെ പ്രാപ്തരാക്കുന്നു<br><br>പ്രകൃതിവസ്തുകളെ ശേഖരിക്കാനും ശേഖരിച്ചവ തരം തിരിക്കുവാനും അവയിൽ പരീക്ഷണം നടത്തുവാനും അതിൽ കൂടുതൽ സംസാരിക്കുവാനും സാധിക്കുന്നു<br><br>പ്രകൃതിയിലേക്കിറങ്ങുവാനും പ്രകൃതി വസ്തുക്കളെ ശേഖരിക്കുവാനും ശേഖരിച്ചവ കൊണ്ട് വിവിധ കളിപ്പാട്ടങ്ങൾ നിർമിക്കുവാനും നിർമിച്ചവ പ്രദർശിപ്പിക്കുവാനും സാധിക്കുന്നു. | |

| | | | |
|---|---|---|---|
| ഒക്ടോബർ | • ഗാന്ധിജയന്തി ആഘോഷം<br><br>• പച്ചക്കറിതോട്ടം ഒരുക്കൽ<br><br>• ശബ്ദാനുകരണ കളികൾ<br><br>• കഥയുടെ ബാക്കിഭാഗം കൂട്ടിച്ചേർക്കൽ<br><br>• കടങ്കഥ, ചോദ്യോത്തരപാട്ടുകൾ കേൾക്കൽ<br><br>• മേനി പറച്ചിൽ<br><br>• കായികമേള | • രാഷ്ട്രപിതാവായ ഗാന്ധിജിയെക്കുറിച്ചുള്ള ലഘുവിവരണങ്ങൾ പാട്ടിലൂടെ നൽകുന്നതിനും ബാഡ്ജ് നിർമ്മിക്കുന്നതിനും<br><br>• പച്ചക്കറിയുടെ പ്രധാന്യത്തെപ്പറ്റി മനസിലാക്കാനും കുഞ്ഞുങ്ങൾ തന്നെ നട്ട പച്ചക്കറികൾക്കു വെള്ളമൊഴിക്കുന്നതിനും പരിപാലിക്കുന്നതിനും<br>• ഭാഷാവികാസം മെച്ചപ്പെടുത്തുന്നതിനു വേണ്ടി<br>• ചോദ്യങ്ങൾ ചോദിക്കുന്നതിനും ഭാവന വികസിപ്പിക്കുന്നതിനും<br>• കുട്ടിയുടെ ശാരീരിക, മാനസിക ആരോഗ്യത്തെ മെച്ചപ്പെടുന്നതിനും ജയപരാജയങ്ങൾ മനസിലാക്കുന്നതിനും | |

| | | | |
|---|---|---|---|
| നവംബർ | • സ്വതന്ത്ര ചിത്രം വര<br>• ഒറിഗാമി<br>• ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ<br>• പ്രിന്റിങ്<br>• പേപ്പർ കീറൽ, മുറിക്കൽ,ഒട്ടിക്കൽ<br>• എയറോബിക്സ്<br>• മൈദ മാവിൽ രൂപങ്ങൾ നിർമ്മിക്കൽ<br>• ബ്രഷുപയോഗിച്ച് ചിത്രത്തിനു നിറം നൽകൽ<br>• മണ്ണപ്പം ചുടൽ<br>• പൂ കോർക്കൽ<br>• ശിശു ദിനാഘോഷം<br>• വരയുത്സവം | • കുട്ടികൾക്ക് ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തനം ചെയ്യൽ<br>• സ്വതന്ത്രവും നിർദ്ദേശങ്ങൾ പാലിച്ചും ലഘു പ്രവർ ത്തനങ്ങൾ ചെയ്യാൻലവേണ്ടി<br>• കടലാസ്, തുണി, തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും വേണ്ടി<br>• പ്രകൃതി വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിനും വിവിധ വസ്തുക്കൾ നിർമ്മിക്കുന്നതിന്<br>• പ്രാഗ് ലേഖന പ്രവർത്തനങ്ങളിലേർ പ്പെടാനാകുന്നു<br>• കുഞ്ഞുങ്ങളുടെ സ്നേഹിതനായ ചാച്ചാജിയെക്കുറിച്ച് അറിയുന്നതിനും ചാച്ചാജിയായി അഭിനയിക്കുന്നതിനും ചാച്ചാജിയുടെ പാട്ടുകൾ പാടുന്നതിനും<br>• വരകളിലൂടെ ചിത്രങ്ങൾ വരയ്ക്കാനും അവയെക്കുറിച്ച് പറയുവാനും പാടുവാനും സാധിച്ചു. | |

| | | | |
|---|---|---|---|
| ഡിസംബർ | ശബ്ദാനുകരണം<br>ചമഞ്ഞു കളി<br><br>വാഹനങ്ങൾ<br><br><br><br><br>ക്രിസ്തുമസ്<br><br><br><br><br>പുൽക്കൂട് നിർമ്മാണം | വിവിധ ജീവികളുടെ ശബ്ദാനുകരണം ഒന്നിനെ മറ്റൊന്നായി സങ്കൽപിച്ച് അഭിനയിക്കാൻ കഴിയുന്നു<br>വിവിധ വാഹനങ്ങളെ കുറിച്ച് അറിയാനായി വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നു<br><br>ഉത്സവങ്ങളെയും ആഘോഷങ്ങളെയും കുറിച്ച് അറിയുന്നതിനും അവയുടെ ചിത്രം വരയ്ക്കുന്നതിനും പാട്ടുകൾ പാടുന്നതിനും<br><br><br>ആഘോഷവുമായി ബന്ധപ്പെട്ട് നിർമിതിയിൽ ഏർപെടുന്നു | |

| | | | |
|---|---|---|---|
| ജനുവരി | വിവിധ തരം പാട്ടുകൾ<br><br>ആട്ടവും പാട്ടും<br><br>പൊതു സ്ഥപനങ്ങൾ സന്ദർശിക്കൽ | ശബ്ദ വ്യത്യാസം, ഭാവം, ആംഗ്യം, ഈണം, താളം,ചലനം എന്നിവ കുഞ്ഞുങ്ങളിൽ നേടിയയെടുക്കൽ<br>താളാത്മകമായി ശബ്ദമുണ്ടാക്കുകയും സംഗീത ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് പൊതു സദസ്സിൽ യാതൊരു സാങ്കേചവും കൂടാതെ തന്റെ കഴിവിനെ പ്രകടമാക്കാൻ കഴിയുന്നു<br>സ്കൂളിനു ചുറ്റുമുള്ള പൊതുസ്ഥാപനങ്ങൾ സന്ദർശിച്ച് അവിടെയുള്ള സാധനസാമഗ്രികൾ നേരിട്ട് കണ്ട് മനസിലാക്കുവാനും അവിടെയുള്ളവരോട് ബഹുമാനപൂർവ്വം പെരുമാറുവാനും കുട്ടികളെ പ്രാപ്തരാക്കൽ. | PTA<br><br>PTA |

| | | | |
|---|---|---|---|
| ഫെബ്രുവരി | • പഠനയാത്ര<br><br>• അനുഭവങ്ങൾ പങ്കുവെക്കൽ<br><br>• ക്ലാസ് പി.ടി .എ<br><br>• ഗണിതശാസ്ത്ര മേള | • കൂട്ടുകാരുമൊത്ത് യാത്രപോകുന്നതിനും വിവിധസ്ഥലങ്ങൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിനും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനും  പ്രകൃതിയെ ആസ്വദിക്കുന്നതിനും<br><br>• പഠനയാത്രയിൽ നിന്നും കിട്ടിയ അനുഭവങ്ങൾ ആത്മവിശ്വാസത്തോടെ ക്ലാസിൽ അവതരിപ്പിക്കുന്നതിന്<br><br>• ഇതുവരെ നടന്നപരിപാടികളുടെ ഗുണമേൻമയെ കുറിച്ച് ചർ ച്ച ചെയ്യുന്നതിനും മാറ്റങ്ങൾ വരുത്തേണ്ടയിടങ്ങൾ മാറ്റം വരുത്തി മെച്ചപ്പെടുത്തുന്നതിനും<br><br>• ടി വിയും ലാപ് ടോപ്പും ഉപയോഗിച്ച് ഗണിത കളികളെ കുറിച്ചും പരീക്ഷണനിരീക്ഷണങ്ങളെ കുറിച്ചും കണ്ട് മനസ്സിലാക്കുന്നതിന്. കണ്ടും കേട്ടും മനസിലാക്കുന്നതിന്, കണ്ടും കേട്ടും മനസിലാക്കിയ കാര്യങ്ങൾ സ്കൂളിലെ ഗണിതശാസ്ത്രമേളയിൽ അവതരിപ്പിക്കുന്നതിന് | |

| | | | |
|---|---|---|---|
| മാർച്ച് | വാർത്താവിനിമയ മാധ്യമങ്ങൾ പരിചയപ്പെടൽ<br><br>പുഴ, കാടൽ, കാട്, മരങ്ങൾ എന്നിവ നേരിട്ട് കാണൽ<br><br>വാർഷികം | വീട്ടുകാരുടെ സഹായത്തോടെ ദൈനംദിന കാര്യങ്ങൾ അറിയാൻ സാധിക്കുന്നു.<br><br>പ്രകൃതിയെ സ്നേഹിക്കുവാനും മലിനമാക്കാതെ സംരക്ഷിക്കാനും ഉള്ള ബോധ്യം കുട്ടികളിൽ രൂപപ്പെടുത്താൻ<br><br>ഇതുവരെ നേടിയെടുത്ത  അനുഭവങ്ങളെയും പ്രവർത്തനങ്ങളെയും പൊതുവേദിയിൽ കൂട്ടുകാർക്കൊപ്പവും രക്ഷിതാക്കൾക്കൊപ്പവും അവതരിപ്പിക്കൽ.<br>താളാത്മകമായി ചുവടുവെക്കുവാനും വിവിധ വേഷങ്ങളണിഞ്ഞ് വിവിധ വ്യക്തികളെ അനുകരിച്ച് അഭിനയിക്കുന്നതിനും ധൈര്യപൂർവ്വം ഒറ്റയ്ക്കും സംഘമായും സ്റ്റേജിനെ അഭിമുഖീകരിക്കുന്നതിനും സാധിക്കുന്നു. | |

## ക്ലാസ് 1 -മലയാളം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്ക രിക്കുകയും ഒന്നാം വർഷത്തെ വിനിമയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ചതിനു ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

**അവസ്ഥാവിശകലനം**

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ 16 കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീ പ്രൈമറി അനുഭവമില്ലാത്ത നാലു കുട്ടികളും അതിഥി തൊഴിലാളി ആയ രക്ഷിതാക്കളുടെ ഒരു കുട്ടിയുമാണ് ഉള്ളത്.

**വാർഷിക ലക്ഷ്യങ്ങ ൾ**

- ചെറുസദസിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ,ആശയങ്ങൾ,ആവശ്യങ്ങൾ,തനിക്കറിയാവുന്ന കഥകൾ,പാട്ടു കൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
- ഓരോ കുട്ടിയും വായിച്ച മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലുംപങ്കിടാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുംസദസ്സിന് മുമ്പാകെ നിശ്ചയിച്ച കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി,വിവരണം,സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടെയുംസർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

● ഓരോ കുട്ടിയുടെയും പഠനതെളിവു കൾ അടങ്ങിയ വളരുന്ന അഭിമാനേരഖ രൂപപ്പെടുത്തുക.

**ജൂൺ മാസത്തെ പ്രധാന ലക്ഷ്യങ്ങൾ**

**1.**പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പിടിഎ ഉറപ്പാക്കുക

**2.** എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.

**3.** രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായേനാത്സവം സംഘടിപ്പിക്കുക.

**4.** വായിച്ചു കേട്ട കഥ ക്ലാസ്സിൽ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ച നേരം ക്ലാസിൽ നടത്തുക.

**5.** ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനും ഉള്ള വായനാ കാർഡുകളുടെ വായന.

**6.** പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കു കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക.

**7.** ഓരോ കുട്ടിയെയും പ്രധാന പഠനവിഷയത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക.

**8.** എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാത്ത നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.

**9.** ഒന്നാം ക്ലാസിലെ പഠനാന്തരീക്ഷം ആകർഷകമാക്കുക

**ജൂൺ മാസ പ്രവർത്ത നങ്ങ ൾ**

●പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ

● വായനോത്സവവും കഥാവേളയും

● വിദ്യാ പ്രവേശ് (സന്നദ്ധതാ പ്രവർത്തനങ്ങൾ)

- വായനാ കാർഡുകൾ
- അമ്മ വായന
- വായന കൂടാരം

**<u>ജൂലൈ</u>**

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- ചെറിയ കഥകൾ കേൾക്കാനും അവ ക്ലാസിൽ അവതരിപ്പിക്കാനും അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങ ൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു .വാചികമായി പറയാനും അവസരം നൽകുന്നു .

**<u>ഓഗസ്റ്റ്</u>**

- റീഡേഴ്സ് തിയേറ്റർ നിർമ്മാണ ശില്പശാല, പാട്ടരങ്ങ്
- ഭാഷാ വികസന അവസരം ഒരുക്കുന്നു
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു .

**<u>സെപ്റ്റംബർ</u>**

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു .

- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു .
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു .
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു .
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു .
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരു മായി മാറ്റുന്നു .

**ഒക്ടോബർ**

- വായനോത്സവം സംഘടിപ്പിക്കുന്നു .
- ആസ്വാദ്യകരമായ വായന നടത്തുന്നു .
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു .
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു .
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു .
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു .
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു .

**നവംബർ**

- സംയുക്ത ഡയറിഎഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു .
- കൂട്ട വായന, നാട്ടു വായന, വീട്ടു വായന, ചിത്ര വായന, ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു .
- രചനോത്സവം തുടങ്ങുന്നു .

- പത്ര വായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

**<u>ഡിസംബർ</u>**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു .
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു .
- സംയുക്ത ഡയറിയിൽ കൂടുതൽ മെച്ചപ്പെടുന്നു .

**<u>ജനുവരി</u>**

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാ ശില്പശാലകൾ നടത്തുന്നു .
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളകളിൽ സൂക്ഷിക്കുന്നു .
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു .
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്തു പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു .

**<u>ഫെബ്രുവരി</u>**

- ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു .

- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു .
- ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു .

<u>**മാർച്ച്**</u>

- കുട്ടികൾ തയ്യാറാക്കിയ കഥകൾ ,കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്ര കാശനം ചെയ്യുന്നു.
- ഓരോ കുട്ടിയുടെയും മികച്ച സംയുക്ത ഡയറി പതിപ്പാക്കി പ്രകാശനം ചെയ്യുന്നു .

<u>**വിലയിരുത്തൽ പ്രവർത്തനങ്ങൾ**</u>

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാകാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കി.
- മികവുകൾ സമൂഹത്തിന് മുന്നിലെത്തിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തംഉറപ്പാക്കിയിട്ടുണ്ട്.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു .

# CLASS-1 - ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read,write and speak English. Every child should be able to speak English fluently like Malayalam.

**Objectives and learning outcome**

- Respond to simple instruction in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action
- Familiarise the names of birds,animals, their young ones and identifies them from pictures.

**June**

- Introduce simple words.
- Provides picture cards.

**July**

- Identify familiar words.
- Say familiar words.
- Read familiar words.
- Write *familiar words.*

**August**

- Enjoy songs and sings them with Rhythm and action.
- Describe orally about pictures and objects using objectives.

**September**

- Read and write simple words and simple sentences.
- Provide picture cards and reading cards.

**October**

- Make word chain, sentence chain.

- Make riddles.
- Describing words, rhyming words.
- Text book activities.

**November**

- Prepare reading cards.
- Provide more opportunities to read,write and speak English.
- Write five words daily.

**December**

- Read and understand simple instructions in the classroom.
- Encourage digital reading.

**January**

- Enjoy songs and sings them with  rhythm and action.
- Make picture albums.
- Collect pictures of animal and its young ones.

**February**

- Provide opportunity to express myself in the classroom.

**March**

- Read and write the simple sentences.
- Picture reading and picture description

# ക്ലാസ് 1 -ഗണിതം

ലക്ഷ്യങ്ങൾ

1.ഒന്നു മുതൽ  അഞ്ചു വരെയുള്ള സംഖ്യകൾ  എണ്ണുന്നു.എഴുതുന്നു.

2. അഞ്ചു വരെയുള്ള എണ്ണത്തെ പകുതി,തുല്യം,കുറവ്,കൂടുതൽ എന്നിങ്ങനെ വിശദീകരിക്കുന്നു.

3.അഞ്ചു വരെയുള്ള  സംഖ്യകളെ വ്യഖ്യാനിക്കുന്നു.

4.ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു. എഴുതുന്നു.

5.ഒമ്പതിൽ  താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

6.സംഖ്യകളെ  ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

7.രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം ,വ്യവകലനം.

8.ഒരക്ക സംഖ്യകളുടെ  വ്യഖ്യാനം.

9.ഒന്നു മുതൽ  ഇരുപത് വരെയുള്ള സംഖ്യകൾ  എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

10. ഒരക്ക സംഖ്യ പാറ്റേൺരൂപീകരിക്കൽ.

11. ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| സംഖ്യകൾ തിരിച്ചറിയുന്നു.പറയുന്നു.<br>സംഖ്യാകാർഡ് നിർമ്മിക്കൽ . | ജൂൺ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| ഗണിതപഠനത്തിന് സഹായകമായ ഗണിതകിറ്റ് നിർമ്മിക്കുന്നു.<br>സംഖ്യാകാർഡ് നിർമ്മിക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.<br>ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.<br>ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.<br>ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന തിരിച്ചറിവ് . | സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| ഒറ്റ സംഖ്യ ,ഇരട്ടസംഖ്യ തിരിച്ചറിയൽ.<br>ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ ,ഇരട്ടസംഖ്യ എന്ന് തിരിച്ചറിയൽ. | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| സംഖ്യാഗാനങ്ങൾ ശേഖരിക്കുന്നു.<br>ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനത്തിൽ ഏർപ്പെടൽ | നവംബർ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |

| | | |
|---|---|---|
| സംഖ്യകളെ  ആരോഹണ അവരോഹണ ക്രമത്തിൽ രേഖപ്പെടുത്തൽ.<br>ഗണിത ആൽബം തയ്യാറാക്കൽ. | ഡിസംബർ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലനപ്രവർത്തനത്തിൽ ഏർപ്പെടൽ.<br>സങ്കലനവ്യവകലന ചിഹ്നം തിരിച്ചറിയൽ.<br>ഒന്നു മുതൽ  പത്ത്  വരെയുള്ള സംഖ്യകൾ വ്യഖ്യാനിക്കുന്നു. | ജനുവരി | |
| ഗണിത ആൽബം ക്ലാസ് പി ടി എ യിൽ പ്രദർശിപ്പിക്കുന്നു.<br>വില വിവരപ്പട്ടിക പ്രശ്നവിശകലന പ്രവർത്തനത്തിൽ ഏർപ്പെടൽ . | ഫെബ്രുവരി | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ ചെയ്യുന്നു.<br>ലളിതമായ ഗുണനക്രിയയിൽ  ഏർപ്പെടുന്നു.<br>സംഖ്യകളുടെ പകുതി , തുല്യം എന്നിവ തിരിച്ചറിയുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ |

## ക്ലാസ് 2- മലയാളം

**ആമുഖം**

2025 26 അധ്യായന വർഷത്തിൽ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും തന്റെ അടിസ്ഥാനശേഷികൾ നേടാൻ പ്രാപ്തമാക്കേണ്ടതുണ്ട്. വായന,ലേഖനം എന്നീ മേഖലകളിൽ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികവ്പുലർത്തേണ്ടതുണ്ട്. അതിനായി ഈ അധ്യയന വർഷത്തിൽ ധാരാളം പ്രവർത്തന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

- സർഗ്ഗ വികസനത്തിന് സാധ്യത ഒരുക്കുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നതിന് ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷയിലെ പഠനം മുന്നേറ്റത്തിന് സംഗീതം,ശ്രവ്യവായന ,ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു.
- ചിത്രത്തിൽ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.(കവിത പൂരണം )

മുന്നൊരുക്കം

- പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാതലത്തിലുള്ള കുട്ടികളെയും കണ്ടെത്തുന്നു.

- കുട്ടിയുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ ക്ലാസ് പിടിഎ നടത്തി എല്ലാ മാസവും പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| • ചിത്ര കാർഡുകൾ (ചിത്രവും പദവും ഉൾക്കൊണ്ട്)<br>• ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കുന്നു.<br>• വായന സാമഗ്രികൾ നിർമ്മിക്കൽ,ഡയറി എഴുത്ത്..<br>• ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂളിൽ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു<br>• രചനോത്സവം നടത്തുന്നു. പതിപ്പ് തയ്യാറാക്കൽ. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| | | |

| | | |
|---|---|---|
| ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ. | ജൂലൈ- മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| • വീട്ടു ലൈബ്രറി ഒരുക്കൽ. | | |
| • രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ. | | |
| • ചിത്രവിവരണം | | |
| • കുട്ടികളെ വായന തലത്തിൽ എത്തിച്ച വിവിധ വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു. (റീഡേഴ്സ് തിയേറ്റർ) | ആഗസ്റ്റ് | |
| • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ. | | |
| • വായിച്ച കഥയിൽനിന്ന് സംഭാഷണം ഒരുക്കൽ. | | |
| • വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ. | | |
| • വായിച്ച കഥകളുടെ റോൾപ്ലേ അവതരിപ്പിക്കൽ | | |
| • ഭാഷോത്സവം | | |
| • കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചി കമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരു ക്കൽ,റീഡേഴ്സ് തിയേറ്റർ | സെപ്റ്റംബർ -മാർച്ച് | |
| • വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ. | | |
| • രചനോത്സവം നടത്തൽ. | | |
| • കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. | ഒക്ടോബർ- മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| • ഭാഷയുടെ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | | |
| • ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു. | നവംബർ | |

| | | |
|---|---|---|
| ● വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരംഒരുക്കുന്നു<br>● ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരംഒരുക്കുന്നു.<br>● എല്ലാ മേഖലകളിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം,ലേഖനം,എഴുത്ത്)<br>● കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ<br>● വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.<br>● ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ<br>● ഓരോ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കൈയെഴുത്ത് മാസിക മാഗസിനുകൾ എന്നിവ തയ്യാറാക്കൽ<br>● വീട്ടു വായന കൂട്ടുവായന നാട്ടുവായന അമ്മ വായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>● ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ ശക്തമാക്കൽ. | ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | |

# Class: 2 English

| Sl. No | Learning outcomes | Month | Activities |
|---|---|---|---|
| 1 | Describes the pictures. | June to August | Picture Description<br>• The teacher shows a picture.<br>• Discussion<br>• The children talk about the picture.<br>• Slow learners: - Gives opportunity to express their idea in Malayalam. |
| 2 | Arrange word in alphabetical order | July to March | Dictionary<br>• Introducing the dictionary.<br>• Give words.<br>• Arranging words in alphabetical order. |
| 3 | Add more exchanges to the conversation suitable to the context. | July to March | Conversation<br>• Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the conversation.<br>• Slow learners: - Gives opportunity to express their ideas in Malayalam. |
| 4 | Identifies rhyming words from the poem. | July to September | Rhyming words<br>• Plays the audio of song.<br>• Let the learner sing after the audio.<br>• Discussion<br>• Identifies rhyming words. |
| 5 | Add lines to a poem following a set of patterns. | July to December | • Plays the audio of song.<br>• Let the learner sing after the audio.<br>• Add lines to the poem. |

| | | | |
|---|---|---|---|
| 6 | Reads and understands the given stories and poems. | December to March | 1 Let's Read<br>• Provides opportunity to read simple stories and poems.<br>• They tell the story they read. |
| 7 | Makes simple riddles. | August to March | Riddles<br>• Gives children the opportunity to hear and answer simple<br>riddles.<br>• Makes simple riddles.<br>• Slow learners: - Gives opportunity to express their ideas in Malayalam. |
| 8 | Undertakes simple project work given. | October to march | Project works<br>• Give instructions<br>• Data collections<br>• Codifying |

# ക്ലാസ് 2 -ഗണിതം

## ലക്ഷ്യങ്ങൾ

1.ചതുരം ,വട്ടം ,ത്രികോണം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.

2.ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ.

3.നൂറു വരെയുള്ള സംഖ്യാബോധം .സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം,വ്യവകലനം,പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷികൾ ഉറപ്പിക്കൽ.

4. സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും ഉറപ്പിക്കൽ.

5.ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.

6.ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100 ൽ താഴെ)

7.ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാം എന്ന മേഖലയിൽ എത്തിച്ചേരൽ.

8.പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു.വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

പ്രീ ടെസ്റ്റ് നടത്തുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ചതുരസ്തംഭം,വൃത്തസ്തംഭം,ത്രികോണസ്തംഭം തുടങ്ങിയവ തിരിച്ചറിയൽ.<br>കൂട്ടങ്ങൾ ആക്കൽ, നിറം കൊടുക്കൽ ,നിർമ്മിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| ചിത്ര പാറ്റേൺ പൂർത്തിയാക്കൽ, സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ<br>സ്ഥാന വില തിരിച്ചറിയൽ. | ജൂലൈ | ക്ലാസ് ടീച്ചർ |

| | | |
|---|---|---|
| ആരോഹണം,അവരോഹണം.<br>ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്ന് കുറച്ചാൽ തൊട്ട് മുന്നിലുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.<br>പത്തിന്റെ കൂട്ടങ്ങളാക്കൽ.<br>ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.<br>പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ. | | |
| വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ, |
| ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ |
| ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗികപ്രശ്നം അപഗ്രഥിക്കൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| വില വിവര പട്ടിക തയ്യാറാക്കൽ<br>ക്ലാസിൽ ഒരു കട. സ്കൂളിൽ ഒരു കട. ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു. | നവംബർ | ക്ലാസ് ടീച്ചർ |
| രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>സങ്കലനവ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | ഡിസംബർ | ക്ലാസ് ടീച്ചർ |

| | | |
|---|---|---|
| സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ .<br>പാറ്റേണിലെ  സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ.<br>പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ<br>സ്ഥാനവില തിരിച്ചറിയൽ- ഒന്ന്,പത്ത്<br>പ്രയോഗികപ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.<br>നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ .<br>കൂട്ടിച്ചേർത്ത്  സംഖ്യ രൂപീകരിക്കൽ .<br>പുനക്രമീകരണം വരുന്ന സങ്കലനവ്യവകലന പ്രശ്നങ്ങൾ പരിഹരിക്കൽ.<br>രണ്ടക്ക  സംഖ്യകളുടെ തുക കണ്ടെത്താൻ വ്യത്യസ്ത രീതികൾ ഉപയോഗിക്കൽ. | ജനുവരി | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |
| വില വിവര പവില വിവര പട്ടിക തയ്യാറാക്കൽ.<br>വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ.<br>പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി  പറയൽ.<br>ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ. | ഫെബ്രുവരി | ക്ലാസ് ടീച്ചർ, |
| കലണ്ടർ പതിപ്പ് തയ്യാറാക്കൽ.<br>കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ.<br>മാസത്തിൽ ദിവസങ്ങളുടെ എണ്ണം കണ്ടെത്തി കലണ്ടർ-സംഖ്യാബന്ധങ്ങൾ പാറ്റേൺ രൂപീകരിക്കൽ.<br>ഉല്ലാസഗണിതം മെറ്റീരിയൽ ഉപയോഗിച്ച്  ഗണിതപ്രശ്നങ്ങൾ  പരിഹരിക്കൽ. | മാർച്ച് | ക്ലാസ് ടീച്ചർ,<br>രക്ഷിതാക്കൾ |

# ക്ലാസ് 3

## ആമുഖം

2025-26 അധ്യയന വർഷത്തിൽ മൂന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും എല്ലാപഠനശേഷികളും ലഭ്യമാക്കേണ്ടതുണ്ട്. മുഴുവൻ കുട്ടികളേയും അതിന് പ്രാപ്തമാക്കുന്നതിനായി വൈവിധ്യങ്ങളായ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഗണിതം , മലയാളം ,പരിസരപഠനം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ അടിസ്ഥാനശേഷികൾ കുട്ടികളിലെത്തിക്കാൻ ആവശ്യമായ പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്ത് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

## മലയാളം

**ഉദ്ദേശ്യങ്ങൾ**

- വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതുണ്ട്.
- പദസമ്പത്ത് വർദ്ധിപ്പിക്കൽ
- എഴുത്ത്, വായന, ആശയവിനിമയ ശേഷി വർദ്ധിപ്പിക്കൽ
- നിർദേശങ്ങൾ പാലിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ
- ഭാവാത്മക വായന
- കഥ പറയൽ ( ഭാവത്തോടെയും സ്പഷ്ടതയോടെയും)
- ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ
- ചിത്രവായന
- കടങ്കഥകൾ, പഴഞ്ചൊല്ലുകൾ – ശേഖരണം, അവതരണം
- അനുഭവ വിവരണം
- സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർതഥികളെ വികസിപ്പിക്കൽ
- കഥാപുസ്തകങ്ങൾ വായിക്കൽ
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

- ചിത്രവിവരണം
- വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
- ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തരപ്പയറ്റ്
- വാക്കുകൾ കൂട്ടിചേർത്ത് കൂടുതൽ വരികൾ എഴുതുക
- ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ
- കഥ, റോൾപ്ലേ, അനുഭവകുറിപ്പുകൾ

| **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക | പി.ടി.എ |
| ക്ലാസ് ലൈബ്രറി വികസനം | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| അമ്മ വായന അമ്മമാരുടെ വായനകുറിപ്പുകൾ സി.പി.ടി.എ | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | |
| വായനകാർഡുകൾ തയ്യാറാക്കൽ | ജൂൺ, ജൂലൈ | അധ്യാപിക | സി.പി.ടി.എ |

| | | | |
|---|---|---|---|
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതിദിന പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ<br>ജൂൺ | അധ്യാപിക | സി.പി.ടി.എ |

| | | | |
|---|---|---|---|
| ആഗസ്റ്റ് 6 ഹിരോഷിമദിന പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കിദിനം പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപകദിനം-പഴയകാലഅധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2-ഗാന്ധി ജയന്തി-കുറിപ്പ്<br>ഒക്ടോബർ 10-ദേശീയ തപാൽ ദിനം-കൂട്ടുകാരനൊരു കത്ത്<br>നവംബർ 1-കേരളപ്പിറവി ദിനം-പ്രസംഗം<br>നവംബർ 14-ശിശുദിനം | ആഗസ്റ്റ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടം | തയ്യാറാക്കിയ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ | അധ്യയനവർഷം മുഴവൻ | |

## ഗണിതം

**ലക്ഷ്യങ്ങൾ**

.ചതുരം, വൃത്തം, ത്രികോണം കുറിച്ചുള്ള ധാരണ നൽകുന്നു

.999 വരെയുള്ള വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു

.എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക

.സങ്കലന വ്യവകലനക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക

.ഗുണന വസ്തുതകൾ നേടൽ

.ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ

| **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| പ്രീ ടെസ്റ്റ് | ജൂൺ | ക്ലാസ് അധ്യാപിക | പി ടി എ |
| ഈർക്കിലുകൾ ,കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ത്രികോണം വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപിക, സി പി ടി എ | |
| സംഖ്യാ പാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപിക | |
| നാണയങ്ങൾ ,കളി നോട്ടുകൾ, പാറ്റേണുകൾ (ഗണിതക്ലബ്) | ആഗസ്റ്റ് | അധ്യാപിക,കുട്ടികൾ | സി പി ടി എ |
| വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപിക,കുട്ടികൾ | |
| മനക്കണക്കുകൾ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ<br>നവംബർ | അധ്യാപിക,കുട്ടികൾ | |
| മനക്കണക്കുകൾ<br>മഞ്ചാടിക്കളി | ഡിസംബർ<br>ജനുവരി | അധ്യാപിക,കുട്ടികൾ, സി പി ടി എ | |

| | | | |
|---|---|---|---|
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>ഐസിടി ഉപയോഗം | ഫെബ്രുവരി<br>മാർച്ച് | അധ്യാപിക,കുട്ടികൾ | |

## <u>പരിസരപഠനം</u>

**<u>ലക്ഷ്യങ്ങൾ</u>**

.നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം

.പ്രകൃതി സംരക്ഷണം

.വ്യക്തി ശുചിത്വം

.സസ്യ ലോകത്തിലെ വൈവിധ്യങ്ങൾ നിരീക്ഷിക്കുകയും അവയുടെ വളർച്ചയും മറ്റും മനസ്സിലാക്കൽ

| **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം<br>വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം | ജൂൺ, ജൂലൈ | ക്ലാസ് അധ്യാപിക | |
| മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>മഴക്കുഴി നിർമ്മാണം<br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറൽ | ആഗസ്റ്റ്<br><br>സെപ്റ്റംബർ | അധ്യാപിക, പി ടി എ<br>ഹരിതകർമ്മസേന | പി ടി എ |

| | | | |
